**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2555** **13-09-2023 - ൽ മറുപടിയ്ക്ക്**

**എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എക്സൈസ് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകളാണ് നിലവിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ 142 ഒഴിവുകൾ നിലവിലുണ്ട്. |
| (ബി) | എക്സൈസ് ഇൻസ്പെക്ടർമാരുടെ നേരിട്ടുള്ള നിയമനത്തിനുള്ള പി.എസ്.സി യുടെ റാങ്ക് പട്ടിക നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ലിസ്റ്റ് എന്ന് നിലവിൽ വന്നെന്നും, കാലാവധി എന്ന് അവസാനിക്കുമെന്നും, എത്ര പേരെയാണ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | റാങ്ക് പട്ടിക നിലവിലില്ല. |
| (സി) | പ്രസ്തുത തസ്തികയിൽ നാളിതുവരെ ഉണ്ടായിട്ടുള്ള ഒഴിവു വിവരം പി.എസ്.സി.യെ അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ; | (സി) | എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ നേരിട്ട് നിയമനം ലഭിക്കുന്ന ഒഴിവുകളിൽ 76 എണ്ണം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ നിന്നും എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ തസ്തികയിലേക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകുമ്പോൾ എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്താൽ താൽക്കാലിക പ്രമോഷൻ നടത്തിയവയെല്ലാം ക്രമീകരിക്കുവാൻ കഴിയാത്ത സാഹചര്യം ഉണ്ടായാൽ റിപ്പോർട്ട് ചെയ്ത തസ്തികകളിൽ നിയമനം നടത്തുവാൻ കഴിയാത്ത അവസ്ഥ ഉണ്ടാകുമെന്നും, ഒരിക്കൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ കുറവ് വരുത്തുവാനോ റദ്ദ് ചെയ്യുവാനോ കഴിയില്ലായെന്നും, അതിനാൽ എക്സൈസ് ഇൻസ്പെക്ടർ റാങ്ക് പട്ടിക കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകുന്നതുമൂലം ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്ന വിഷയം പരിശോധിക്കാമെന്ന് എക്സൈസ് കമ്മീഷണറെ സർക്കാർ അറിയിച്ചിട്ടുള്ളതാണ്. |
| | | | |

| | | | |
|---|---|---|---|
| (ഡി) | നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച് ഉറപ്പ് ലഭ്യമാക്കാമോ? | (ഡി) | എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ നേരിട്ട് നിയമനം ലഭിക്കുന്ന ഒഴിവുകളിൽ 76 എണ്ണം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ നിന്നും എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ തസ്തികയിലേക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകുമ്പോൾ എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്താൽ താൽക്കാലിക പ്രമോഷൻ നടത്തിയവയെല്ലാം ക്രമീകരിക്കുവാൻ കഴിയാത്ത സാഹചര്യം ഉണ്ടായാൽ റിപ്പോർട്ട് ചെയ്ത തസ്തികകളിൽ നിയമനം നടത്തുവാൻ കഴിയാത്ത അവസ്ഥ ഉണ്ടാകുമെന്നും, ഒരിക്കൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ കുറവ് വരുത്തുവാനോ റദ്ദ് ചെയ്യുവാനോ കഴിയില്ലായെന്നും, അതിനാൽ എക്സൈസ് ഇൻസ്പെക്ടർ റാങ്ക് പട്ടിക കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകുന്നതുമൂലം ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്ന വിഷയം പരിശോധിക്കാമെന്ന് എക്സൈസ് കമ്മീഷണറെ സർക്കാർ അറിയിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ